"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ബഹുഃകേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഗൈനക്ക് വിഭാഗം ജൂനിയർ കൺസൾട്ടന്റ്മാരായ ഡോ.ഹിത.കെ., ഡോ.അർച്ചന.കെ.ഒ., ഡോ.ഷബ്ന.പി. എന്നിവർ ഫയൽ ചെയ്ത OA(EKM) Nos.1912, 1914, 1926 എന്നീ കേസുകളിന്മേലുള്ള 04.12.2023-ലെ ഇടക്കാല ഉത്തരവ് അനുപാലിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.522/2024/H&FWD   തീയതി,തിരുവനന്തപുരം, 21-02-2024

---

പരാമർശം:-
1. സ.ഉ (സാധാ) നം.3067/2023/ആകവ തീയതി 21.11.2023
2. OA(EKM) Nos.1912, 1914, 1926 എന്നീ കേസുകളിന്മേലുള്ള 04.12.2023-ലെ ഇടക്കാല ഉത്തരവ്.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 18-01-2024- ലെ ഇ.എ1-5160/2023/ആ.വ.ഡ. നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

ഡോ.പ്രസ്സില്ല മസ്കരാനസ്, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) ബഹുഃകേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM) No.908/2023-ന്മേലുള്ള ബഹു.ട്രൈബ്യൂണലിന്റെ 08.08.2023-ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് പുറപ്പെടുവിച്ച പരാമർശം (1) സർക്കാർ ഉത്തരവിന് എതിരായി ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ്മാരായ ഡോ.ഷബ്ന.പി., ഡോ.അർച്ചന.കെ.ഒ., ഡോ.ഹിത.കെ. എന്നിവർ ബഹുഃട്രൈബ്യൂണൽ മുമ്പാകെ യഥാക്രമം ഫയൽ ചെയ്ത OA(EKM) 1926/2023, 1914/2023, 1912/2023 എന്നി കേസുകൾ ബഹുഃട്രൈബ്യൂണൽ 04.12.2023-ന് പരിഗണിക്കുകയും, ആയതിന്മേൽ പരാമർശം (2) ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ഒന്നും രണ്ടും എതിർകക്ഷികളായ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ

സെക്രട്ടറിയും, ആരോഗ്യ വകുപ്പ് ഡയറക്ടറും ചേർന്ന് പരാമർശം (1) സർക്കാർ ഉത്തരവിൽ ഉൾപ്പെട്ട മെഡിക്കൽ ഓഫീസർമാരെ ഓൺലൈൻ മുഖാന്തിരം കേൾക്കുന്നതിനും, താമസംകൂടാതെ തീരുമാനം എടുക്കുന്നതിനും നിർദ്ദേശം നൽകിയിരുന്നു. ആയതിൻ പ്രകാരം പരാമർശം (2) ഇടക്കാല ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരമുള്ള എല്ലാ മെഡിക്കൽ ഓഫീസർമാരെയും 28.12.2023-ന് ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് വേണ്ടി ചുവടെ ഒപ്പ് വച്ചിരിക്കുന്ന ഉദ്യോഗസ്ഥനും, ആരോഗ്യ വകുപ്പ് ഡയറക്ടറും ചേർന്ന് ഓൺലൈൻ മുഖാന്തിരം കേൾക്കുകയുണ്ടായി. നേരിൽ കേൾക്കുന്ന വേളയിൽ ഓരോ മെഡിക്കൽ ഓഫീസർമാരും അവരവരുടെ ഭാഗങ്ങൾ വ്യക്തമാക്കിക്കൊണ്ട് അഭിപ്രായം പറയുകയുണ്ടായി. പ്രസ്തുത അഭിപ്രായങ്ങളുടെയും നിലവിലെ വസ്തുതകളുടെയും അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

1. ഡോ. ഷൈമ.എൻ.എസ്.

കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിൽ 13/06/2016 മുതൽ സേവനമനുഷ്ഠിച്ചിരുന്ന ഡോ.ഷൈമ.എൻ.എസ് 2023 ലെ പൊതു സ്ഥലം മാറ്റത്തിനായി വടകര ജില്ലാ ആശുപത്രി ഒന്നാം ഓപ്ഷൻ ആയിട്ടാണ് അപേക്ഷ സമർപ്പിച്ചിരുന്നത്. ജില്ലാ ആശുപത്രി, വടകരയിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്ന മെഡിക്കൽ ഓഫീസർമാരിൽ ഡോ. ഷൈമ.എൻ.എസ്-ആണ് സ്റ്റേഷൻ സീനിയർ. ആയതിനാൽ ടിയാരിയ്ക്ക് ജില്ലാ ആശുപത്രി, വടകരയിലേയ്ക്ക് സ്ഥലം മാറ്റത്തിനു അർഹതയുണ്ട്.

2. ഡോ. സുജിത മാധവൻ

25/07/2018 മുതൽ കുറ്റിപ്പുറം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ സേവനമനുഷ്ഠിച്ചിരുന്ന ഡോ.സുജിത മാധവൻ മലപ്പുറം താലൂക്ക് ആസ്ഥാന ആശുപത്രി ഒന്നാം ഓപ്ഷൻ ആയും കോഴിക്കോട് ജനറൽ ആശുപത്രി രണ്ടാം ഓപ്ഷൻ ആയും ആണ് അപേക്ഷ സമർപ്പിച്ചിരുന്നത്. പ്രസ്തുത രണ്ടു ഓപ്ഷനുകളിൽ നിന്നും പൊതു സ്ഥലം മാറ്റ മാനദണ്ഡ പ്രകാരം സ്ഥലം മാറ്റാൻ കഴിയുന്ന ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഇല്ലായിരുന്നു.

3. ഡോ. ലിസി.സി.എച്ച്.

10/06/2017 മുതൽ തിരുരങ്ങാടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ സേവനമനുഷ്ഠിച്ചിരുന്ന ഡോ.ലിസ്സി.സി.എച്ച് കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ഒന്നാം ഓപ്ഷൻ ആയിട്ടാണ്

അപേക്ഷ സമർപ്പിച്ചിരുന്നത്. ടി സ്ഥാപനത്തിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്ന മെഡിക്കൽ ഓഫീസർമാരിൽ ഡോ.ലിസ്സി.സി.എച്ച്-ആണ് സ്റ്റേഷൻ സിനിയർ. ടിയാരിയ്ക്ക് മിശ്ര വിവാഹിത എന്ന പരിരക്ഷ കൂടിയുണ്ട്. ആയതിനാൽ ടിയാരിയ്ക്ക് കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റത്തിന് അർഹതയുണ്ട്.

4. ഡോ. അനീസ പി. എം.

8/06/2019 മുതൽ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ജോലി ചെയ്യുന്ന ഡോ. അനീസ പി. എം പ്രസ്തുത സ്ഥാപനത്തിൽ 3 വർഷത്തെ സർവീസ് പൂർത്തിയാക്കിയെങ്കിലും പൊതു സ്ഥലം മാറ്റത്തിനു അപേക്ഷ സമർപ്പിച്ചിരുന്നില്ല. ടിയാരിയുടെ സർവീസ് കാലയളവിൽ 5/11/1999 മുതൽ 29/05/2010 വരെയുള്ള ചുരുങ്ങിയ കാലയളവ് ഒഴികെ മലപ്പുറം ജില്ലയിൽ തന്നെയാണ് ജോലി ചെയ്ത് വന്നിട്ടുള്ളത്.

5. ഡോ.അമ്പിളി. പി.സി.

11/10/2018 മുതൽ മഞ്ചേരി ജനറൽ ആശുപത്രിയിൽ ജോലി ചെയ്തിരുന്ന ഡോ.അമ്പിളി.പി.സി കുറ്റിപ്പുറം താലൂക്ക് ആസ്ഥാന ആശുപത്രി ഒന്നാം ഓപ്ഷൻ ആയും കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി രണ്ടാം ഓപ്ഷൻ ആയും ആണ് അപേക്ഷ സമർപ്പിച്ചത്. ഒന്നാം ഓപ്ഷൻ ആയ കുറ്റിപ്പുറം താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് ടിയാരിയെക്കാൾ സ്റ്റേഷൻ സീനിയോറിറ്റി ഉള്ള ഡോ.സിനി.എ.റ്റി, ഡോ. അനീസ. എം. പി എന്നിവരെ പരിഗണിച്ചതിനാൽ ടിയാരിയ്ക്ക് രണ്ടാം ഓപ്ഷൻ ആയ കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിനാണ് അർഹതയുള്ളത്.

6. ഡോ.ബസിമ.പി.

05/12/2019 മുതൽ മഞ്ചേരി ജനറൽ ആശുപത്രിയിൽ ജോലി ചെയ്തിരുന്ന ഡോ.ബസിമ.പി നിലമ്പൂർ ജില്ലാ ആശുപത്രി ഒന്നാം ഓപ്ഷൻ ആയിട്ടാണ് അപേക്ഷ സമർപ്പിച്ചത്. സ്റ്റേഷൻ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ നിലമ്പൂർ ജില്ലാ ആശുപത്രിയിലേയ്ക്ക് അപേക്ഷ സമർപ്പിച്ചവരിൽ ടിയാരിയെക്കാൾ സ്റ്റേഷൻ സീനിയർ ആയ ഡോ. റോഹൻസ് ജോയ്, ഡോ.അമ്പിളി.പി.സി, ഡോ.ഫിറോസ.പി എന്നിവരെ അവരുടെ ഹയർ ഓപ്ഷനുകളിലേയ്ക്ക് പരിഗണിച്ചതിനാൽ ടിയാരിയ്ക്ക്

നിലമ്പൂർ ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റത്തിന് അർഹതയുണ്ട്.

7. ഡോ. അനീസ.എം.പി.

17/11/2017 മുതൽ തിരൂർ ജില്ലാ ആശുപത്രിയിൽ ജോലി ചെയ്തിരുന്ന ഡോ.അനീസ.എം.പി കുറ്റിപ്പുറം താലൂക്ക് ആസ്ഥാന ആശുപത്രി ഒന്നാം ഓപ്ഷൻ ആയിട്ടാണ് അപേക്ഷ സമർപ്പിച്ചത്. സ്റ്റേഷൻ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ കുറ്റിപ്പുറം താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് അപേക്ഷ സമർപ്പിച്ചവരിൽ ടിയാരിയെക്കാൾ സ്റ്റേഷൻ സീനിയർ ആയ ഡോ. മഞ്ജു.പി, ഡോ.അബല അബ്ദു റഹിമാൻ എന്നിവരെ അവരുടെ ഹയർ ഓപ്ഷനുകളിലേയ്ക്ക് പരിഗണിച്ചതിനാൽ ടിയാരിയ്ക്ക് കുറ്റിപ്പുറം താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റത്തിന് അർഹതയുണ്ട്.

8. ഡോ. ശ്രുതി. വി.ജി.

29/0/7/2019 മുതൽ കുറ്റിയാടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി ചെയ്തിരുന്ന ഡോ. ശ്രുതി.വി.ജി, വടകര ജില്ലാ ആശുപത്രി ഒന്നാം ഓപ്ഷൻ ആയും കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി രണ്ടാം ഓപ്ഷൻ ആയും കൊയിലാണ്ടി താലൂക്ക് ആസ്ഥാന ആശുപത്രി മൂന്നാം ഓപ്ഷൻ ആയും കോഴിക്കോട് ജനറൽ ആശുപത്രി നാലാം ഓപ്ഷൻ ആയും താമരശ്ശേരി താലൂക്ക് ആസ്ഥാന ആശുപത്രി അഞ്ചാം ഓപ്ഷൻ ആയും ആണ് അപേക്ഷ സമർപ്പിച്ചത്. ഒന്നാമത്തേയും രണ്ടാമത്തേയും ഓപ്ഷനുകളിലേയ്ക്ക് ടിയാരിയെക്കാൾ സ്റ്റേഷൻ സീനിയർ ആയ ഡോ. ഷൈമ.എൻ.എസ്, ഡോ. അമ്പിളി.പി.സി, ഡോ. ലിസ്സി.സി.എച്ച്. എന്നിവരെയാണ് പരിഗണിച്ചത്. കൂടാതെ മൂന്നാമത്തെയും നാലാമത്തെയും ഓപ്ഷനുകളിൽ നിന്നും പൊതു സ്ഥലം മാറ്റ മാനദണ്ഡ പ്രകാരം സ്ഥലം മാറ്റാൻ കഴിയുന്ന ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഇല്ലായിരുന്നു. ആയതിനാൽ ഡോ.ശ്രുതി. വി.ജി യ്ക്ക് അഞ്ചാം ഓപ്ഷൻ ആയ താമരശ്ശേരി താലൂക്ക് ആസ്ഥാന ആശുപത്രിലേയ്ക്ക് സ്ഥലം മാറ്റത്തിന് അർഹതയുണ്ട്.

9. ഡോപ്രസില മസ്കാരനസ്

09/07/2019 മുതൽ വടകര ജില്ലാ ആശുപത്രിയിൽ ജോലി ചെയ്തിരുന്ന ഡോ.പ്രസില്ല മസ്കാരനസ് കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി മാത്രമാണ് ഓപ്ഷൻ ആയി അപേക്ഷ സമർപ്പിച്ചിരുന്നത്. ടി സ്ഥാപനത്തിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്ന മെഡിക്കൽ ഓഫീസർമാരിൽ സ്റ്റേഷൻ

സീനിയർ ആയ ഡോ. ലിസ്സി. സി.എച്ച്, ഡോ. അമ്പിളി.പി.സി. എന്നിവരെയാണ് കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റത്തിന് പരിഗണിച്ചത്. ടിയാരി 'Parent of a Mentally retarded child' എന്ന പ്രത്യേക പരിരക്ഷയുള്ളതായി SPARK മുഖേനയുള്ള അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

<u>10. ഡോ. അർച്ചന. കെ ഒ</u>

2021 ലെ പൊതു സ്ഥലം മാറ്റത്തിൽ ഡോ. അർച്ചന.കെ.ഒ യെ ഫറോഖ് താലൂക്ക് ആശുപത്രിയിൽ നിന്നും കുറ്റിയാടി താലൂക്ക് ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റിയതിനെതിരെ ടിയാരി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA(EKM)-651/2022-ന്മേലുള്ള 30.05.2022 ലെ ഉത്തരവിൽ പ്രസ്തുത സ്ഥലം മാറ്റം Compulsory transfer ആയി പരിഗണിച്ച് കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ അടുത്ത് ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് പരിഗണിക്കണമെന്നു ഉത്തരവായിരുന്നു. എന്നാൽ സർവീസ് കാലയളവിൽ ടിയാരി കോഴിക്കോട് ജില്ലയിൽ മാത്രമാണ് സേവനമനുഷ്ഠിച്ചിട്ടുള്ളത്. ആയതിനാൽ പൊതു സ്ഥലംമാറ്റ മാനദണ്ഡ പ്രകാരം സ്റ്റേഷൻ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് ഡോ.ലിസ്സി.സി.എച്ച്, ഡോ.അമ്പിളി.പി.സി എന്നിവർക്കാണ് അർഹത ഉള്ളതെന്നു കണ്ടതിനാലാണ് ഡോ.അർച്ചന.കെ.ഒ.-യെ തിരികെ കുറ്റിയാടി താലൂക്ക് ആശുപത്രിയിലേയ്ക്ക് തന്നെ സ്ഥലംമാറ്റുന്നതിന് ശുപാർശ ചെയ്തിരുന്നു.

<u>11. ഡോ. ഫിറോസ. പി.</u>

12/03/2019 മുതൽ കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ജോലി ചെയ്തിരുന്ന ഡോ.ഫിറോസ. പി, മഞ്ചേരി ജനറൽ ആശുപത്രി ഒന്നാം ഓപ്ഷൻ ആയും താമരശ്ശേരി താലൂക്ക് ആസ്ഥാന ആശുപത്രി രണ്ടാം ഓപ്ഷൻ ആയും ആണ് അപേക്ഷ സമർപ്പിച്ചത്. ഒന്നാം ഓപ്ഷൻ ആയ മഞ്ചേരി ജനറൽ ആശുപത്രിയിലേയ്ക്ക് ടിയാരിയെക്കാൾ സ്റ്റേഷൻ സീനിയർ ആയ ഡോ. ബുഷ്റ. എ യെയും ഡോ. റോഹൻസ് ജോയ് യെയും സ്ഥലം മാറ്റുന്നതിനാണ് ശുപാർശ ചെയ്തത്. ഡോ.ഫിറോസ.പി.-യ്ക്ക് രണ്ടാം ഓപ്ഷൻ ആയ താമരശ്ശേരി താലൂക്ക് ആസ്ഥാന ആശുപത്രിലേയ്ക്ക് സ്ഥലം മാറ്റത്തിന് അർഹതയുണ്ട്.

<u>12. ഡോ. ഹിത.കെ.</u>

07/03/2019 മുതൽ നാദാപുരം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി ചെയ്യുന്ന ഡോ. ഹിത.കെ, കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ഒന്നാം ഓപ്ഷൻ ആയും ഫറോഖ് താലൂക്ക് ആസ്ഥാന ആശുപത്രി രണ്ടാം ഓപ്ഷൻ ആയും കോഴിക്കോട് ജനറൽ ആശുപത്രി മൂന്നാം ഓപ്ഷൻ ആയും വടകര ജില്ലാ ആശുപത്രി നാലാം ഓപ്ഷൻ ആയും കൊയിലാണ്ടി താലൂക്ക് ആസ്ഥാന ആശുപത്രി അഞ്ചാം ഓപ്ഷൻ ആയും ആണ് അപേക്ഷ സമർപ്പിച്ചത്. ടിയാരി SC/ST വിഭാഗത്തിൽപ്പെട്ട വ്യക്തി ആണെങ്കിലും 12/10/2013 മുതൽ 06/03/2019 വരെ കോഴിക്കോട് ജനറൽ ആശുപത്രിയിൽ ജോലിയിൽ തുടർന്നിട്ടുള്ളതിനാൽ ടി വിഭാഗത്തിന്റെ പരിരക്ഷ സർവീസ് കാലയളവിൽ ഒരിക്കൽ ഉപയോഗപ്പെടുത്തിയിട്ടുള്ളതായി കാണുന്നു.

സ്റ്റേഷൻ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് ഡോ.ലിസ്സി.സി.എച്ച്., ഡോ.അമ്പിളി.പി.സി. എന്നിവർക്കാണ് അർഹത. രണ്ടാമത്തെയും മൂന്നാമത്തെയും അഞ്ചാമത്തേയും ഓപ്ഷനുകളിൽ നിന്നും പൊതു സ്ഥലം മാറ്റ മാനദണ്ഡ പ്രകാരം സ്ഥലം മാറ്റാൻ കഴിയുന്ന ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഇല്ലായിരുന്നു. നാലാമത്തെ ഓപ്ഷൻ ആയ വടകര ജില്ലാ ആശുപത്രിയിൽ ഡോ.ഹിത.കെ.-യെക്കാൾ സ്റ്റേഷൻ സീനിയർ ആയ ഡോ. ഷൈമ.എൻ.എസ്. -നെയാണ് പരിഗണിച്ചത്.

<u>13. ഡോ. ഷബ്നപി.</u>

23/07/2019 മുതൽ കണ്ണൂർ ജില്ലാ ആശുപത്രിയിൽ ജോലി ചെയ്യുന്ന ഡോ.ഷബ്ന.പി., കോഴിക്കോട് ജനറൽ ആശുപത്രി ഒന്നാം ഓപ്ഷൻ ആയും കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി രണ്ടാം ഓപ്ഷൻ ആയും ഫറോഖ് താലൂക്ക് ആസ്ഥാന ആശുപത്രി മൂന്നാം ഓപ്ഷൻ ആയും വടകര ജില്ലാ ആശുപത്രി നാലാം ഓപ്ഷൻ ആയും തിരൂർ ജില്ലാ ആശുപത്രി അഞ്ചാം ഓപ്ഷൻ ആയും ആണ് അപേക്ഷ സമർപ്പിച്ചത്. ഒന്നാമത്തെയും മൂന്നാമത്തെയും ഓപ്ഷനുകളിൽനിന്നും പൊതു സ്ഥലം മാറ്റ മാനദണ്ഡ പ്രകാരം സ്ഥലം മാറ്റാൻ കഴിയുന്ന ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഇല്ലായിരുന്നു. നാലാമത്തെ ഓപ്ഷനിലേയ്ക്കും അഞ്ചാമത്തെ ഓപ്ഷനിലേയ്ക്കും ഡോ.ഷബ്ന.പി-യെക്കാൾ സ്റ്റേഷൻ സിനിയർ ആയ മെഡിക്കൽ ഓഫീസർമാരെയാണ് പരിഗണിച്ചത്. ആയതിനാൽ ടിയാരിയ്ക്ക് അഞ്ചാം ഓപ്ഷൻ ആയ തിരൂർ ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിനാണ് അർഹതയുള്ളത്.

<u>14. ഡോ. മഞ്ജു.പി.</u>

02/07/2016 മുതൽ തിരൂർ ജില്ലാ ആശുപത്രിയിൽ ജോലി ചെയ്യുന്ന ഡോ.മഞ്ജു.പി, പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ആണ് ഒന്നാം ഓപ്ഷൻ ആയി അപേക്ഷ സമർപ്പിച്ചിരുന്നത്. പ്രസ്തുത സ്റ്റേഷനിലേയ്ക്ക് അപേക്ഷ സമർപ്പിച്ചവരിൽ സ്റ്റേഷൻ സീനിയോറിറ്റി കൂടുതൽ ടിയാരിയ്ക്കായതിനാൽ പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേക്ക് തന്നെ സ്ഥലം മാറ്റം അനുവദിച്ചു.

<u>15. ഡോ. റോഹൻസ് ജോയ്</u>

07/04/2018 മുതൽ താമരശ്ശേരി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി ചെയ്യുന്ന ഡോ. റോഹൻസ് ജോയ് മഞ്ചേരി ജനറൽ ആശുപത്രിയാണ് ഒന്നാം ഓപ്ഷൻ ആയി അപേക്ഷ സമർപ്പിച്ചിരുന്നത്. പ്രസ്തുത സ്റ്റേഷനിലേയ്ക്ക് അപേക്ഷ സമർപ്പിച്ചവരിൽ സ്റ്റേഷൻ സീനിയോറിറ്റി കൂടുതൽ ടിയാന് ആയതിനാൽ മഞ്ചേരി ജനറൽ ആശുപത്രിയിലേക്ക് തന്നെ സ്ഥലം മാറ്റം അനുവദിച്ചു.

<u>16. ഡോ. സലീമാ പട്ടുപ്പിങ്ങൾ</u>

16/06/2019 മുതൽ താമരശ്ശേരി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി ചെയ്യുന്ന ഡോ. സലീമാ പട്ടുപ്പിങ്ങൾ കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ഒന്നാം ഓപ്ഷൻ ആയും മഞ്ചേരി ജനറൽ ആശുപത്രി രണ്ടാം ഓപ്ഷൻ ആയും താലൂക്ക് ആശുപത്രി, അരീക്കോട് മൂന്നാം ഓപ്ഷൻ ആയും നിലംബൂർ ജില്ലാ ആശുപത്രി നാലാം ഓപ്ഷൻ ആയും ആണ് അപേക്ഷ സമർപ്പിച്ചത്. ആദ്യത്തെ മൂന്ന് ഓപ്ഷനുകളിലും ടിയാരിയേക്കാൾ സ്റ്റേഷൻ സീനിയർ ആയ മെഡിക്കൽ ഓഫീസർമാരെ സ്ഥലം മാറ്റത്തിന് പരിഗണിച്ചു. നാലാമത്തെ ഓപ്ഷൻ ആയ നിലമ്പൂർ ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റത്തിനു അർഹത ഉള്ളതിനാൽ ടി സ്ഥാപനത്തിലേയ്ക്ക് പരിഗണിച്ചു.

<u>17. ഡോ. ബുഷ്റ.എ.</u>

01/06/2016 മുതൽ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ജോലി ചെയ്യുന്ന ഡോ.ബുഷ്റ.എ മഞ്ചേരി ജനറൽ ആശുപത്രി ഒന്നാം ഓപ്ഷൻ ആയി അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത സ്റ്റേഷനിലേയ്ക്ക് അപേക്ഷ സമർപ്പിച്ചവരിൽ സ്റ്റേഷൻ സീനിയോറിറ്റി കൂടുതൽ ടിയാരിയ്ക്ക് ആയതിനാൽ മഞ്ചേരി ജനറൽ ആശുപത്രിയിലേക്ക് സ്ഥലം മാറ്റത്തിന് ടിയാരിയ്ക്ക് അർഹത ഉണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) കത്തിലെ ശിപാർശ പരിഗണിച്ച് ചുവടെ ചേർത്തിട്ടുള്ള സ്ഥലംമാറ്റങ്ങൾ നടപ്പിലാക്കുന്നതിനും; അപ്രകാരം സ്ഥലം മാറ്റം നല്കപ്പെടുമ്പോൾ നിർബന്ധിത സ്ഥലം മാറ്റത്തിന് വിധേയരായവർക്ക്; ടി ആളുകൾ 2024 പൊതു സ്ഥലം മാറ്റത്തിന് അപേക്ഷ നൽകുന്ന പക്ഷം, അർഹതക്കനുസരിച്ച്, പ്രത്യേക പരിഗണന നൽകുന്നതിനും; ഡോ.പ്രസ്സില്ല മസ്കരാനസിന് ടിയാളുടെ അനുകമ്പാർഹമായ സാഹചര്യം പരിഗണിച്ച് 2024 ജനറൽ ട്രാൻസ്ഫറിൽ പ്രത്യേക പരിഗണന നൽകി അനുയോജ്യമായ സ്ഥലം മാറ്റം നൽകുന്നിതിനും; ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകി ഉത്തരവാകുന്നു:

1) 2023 പൊതു സ്ഥലംമാറ്റ ഉത്തരവിൽ കുറ്റിയാടി താലൂക്ക് ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റം നൽകിയ ഡോ.ഷൈമ.എൻ.എസ്.-നെ (PEN-674140) വടകര ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റുക.

2) 2023 പൊതു സ്ഥലംമാറ്റ ഉത്തരവിൽ മഞ്ചേരി ജനറൽ ആശുപത്രിയിൽ നിയമനം നൽകിയിരുന്ന ഡോ.സുജിത മാധവനെ (PEN-570459) പൊന്നാനി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റുക.

3) 2023 പൊതു സ്ഥലംമാറ്റ ഉത്തരവിൽ താമരശ്ശേരി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമനം അനുവദിച്ച ഡോ.ലിസ്സി.സി.എച്ച്. നെ (PEN-598173) കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും അശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റുക.

4) 2023 പൊതു സ്ഥലംമാറ്റ ഉത്തരവിൽ കുറ്റിയാടി താലൂക്ക് ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റപ്പെട്ട ഡോ.അനീസ.പി.എം.-നെ (PEN-598616) മങ്ങാട്ടുപറമ്പ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ നിയമനം നൽകുക.

5) 2023 പൊതു സ്ഥലംമാറ്റ ഉത്തരവിൽ നിലമ്പൂർ ജില്ലാ ആശുപത്രിയിലേക്ക് സ്ഥലംമാറ്റിയ ഡോ.അമ്പിളി.പി.സി-യെ (PEN-681430) കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ നിയമനം നൽകുക.

6) 2023 പൊതു സ്ഥലംമാറ്റ ഉത്തരവിൽ തിരുർ ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റിയ ഡോ. ബസിമ.പി-യെ (PEN-704620) നിലമ്പൂർ ജില്ലാ ആശുപത്രിയിൽ നിയമനം നൽകുക.

7)2023 പൊതുസ്ഥലംമാറ്റ ഉത്തരവിൽ പൊന്നാനി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റിയ ഡോ.അനീസ.എം.പി.-യെ (PEN 745979) കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം നൽകുക.

8) 2023 പൊതു സ്ഥലംമാറ്റ ഉത്തരവിൽ നാദാപുരം താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റിയ ഡോ.ശ്രുതി.വി.ജി-യെ (PEN-258334) താമരശ്ശേരി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമനം നൽകുക.

9) 2023 പൊതു സ്ഥലംമാറ്റ ഉത്തരവിൽ താമരശ്ശേരി താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റപ്പെട്ടിരിക്കുന്ന ഡോ. പ്രസ്സില്ല മസ്കാരനസിനെ (PEN-602388) കണ്ണൂർ നാദാപുരം താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം നൽകുക.

10) 2023 പൊതു സ്ഥലംമാറ്റ ഉത്തരവിൽ കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ സ്ഥലം മാറ്റം അനുവദിച്ച ഡോ.അർച്ചന.കെ.ഒ.-യെ (PEN-602899) പ്രസ്തുത സ്ഥലംമാറ്റം റദ്ദ് ചെയ്ത് കുറ്റിയാടി താലൂക്ക് ആശുപത്രിയിൽ തന്നെ നിലനിറുത്തുക.

11) 2023 പൊതു സ്ഥലംമാറ്റ ഉത്തരവിൽ മങ്ങാട്ടുപറമ്പ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം നൽകിയ ഡോ.ഫിറോസ.പി.യെ താമരശ്ശേരി താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റി നിയമിക്കുക.

12) 2023 പൊതു സ്ഥലംമാറ്റ ഉത്തരവിൽ കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ചിരുന്ന ഡോ.ഹിത.കെ.-യെ (PEN-689660) കുറ്റിയാടി താലൂക്ക് ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റി നിയമിക്കുക.

13) 2023 പൊതു സ്ഥലംമാറ്റ ഉത്തരവിൽ വടകര ജില്ലാ ആശുപത്രിയിൽ നിയമനം അനുവദിച്ച ഡോ.ഷബ്ന.പി-യെ (PEN-594859) തിരൂർ ജില്ലാ ആശുപത്രിയിലേക്ക് സ്ഥലംമാറ്റുക.

14) 01/06/2016 മുതൽ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ജോലി ചെയ്യുന്ന ഡോ.ബുഷ്റ.എ.-യ്ക്ക് ടിയാളുടെ ഒന്നാം ഓപ്ഷനായ മഞ്ചേരി ജനറൽ ആശുപത്രിയിലേക്ക് സ്ഥലം മാറ്റം നൽകുക.

3) ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ്മാരായ ഡോ.ഷബ്ന.പി., ഡോ.അർച്ചന.കെ.ഒ., ഡോ.ഹിത.കെ. എന്നിവർ ബഹു:ട്രൈബ്യൂണൽ മുമ്പാകെ യഥാക്രമം ഫയൽ ചെയ്ത OA(EKM) - 1926/2023, 1914/2023, 1912/2023 -ന്മേലുള്ള 04.12.2023 തീയതിയിലെ ഇടക്കാല ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യം)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ